ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033

ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

No. KLS/5323/2026-KLAMPS(PS) A3 Vol IV

തിരുവനന്തപുരം
17.10.2026

## താത്പര്യപത്രം ക്ഷണിക്കുന്നു

കേരളനിയമസഭയുടെ ആഭിമുഖ്യത്തിൽ 2026 നവംബർ 3, 4 തീയതികളിൽ കേരളനിയമസഭാ സമുച്ചയത്തിൽവച്ച് നടത്തുന്ന പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും/കേന്ദ്രഭരണ പ്രദേശങ്ങളിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (PAC) ചെയർപേഴ്സൺമാരുടെ സംയുക്ത സമ്മേളനത്തോടനുബന്ധിച്ച്, നിയമസഭാ സമുച്ചയത്തിന്റെ **പ്രധാന കവാടത്തിൽ ആർച്ചും**, വിവിധ സ്ഥലങ്ങളിലായി **വിവധ വലിപ്പത്തിലുള്ള ഹോർഡിംഗുകളും (ഏകദേശം 30 എണ്ണം)** സ്ഥാപിക്കുന്നതിനായി പ്രവൃത്തിപരിചയവുമുള്ള വ്യക്തികൾ/ ഏജൻസികളിൽ നിന്നും താത്പര്യപത്രം (Expression of Interest) ക്ഷണിക്കുന്നു.

| **ക്രമ നം.** | **ഹോർഡിംഗുകൾ സ്ഥാപിക്കേണ്ട സ്ഥലം** | **വലിപ്പം** | **എണ്ണം** |
|---|---|---|---|
| 1. | മുഖ്യ കവാടം | 10x8 feet | 2 |
| 2. | എയർപോർട്ട് | 7x5 feet | 1 |
| 3. | റെയിൽവേ സ്റ്റേഷൻ | 7x5 feet | 1 |
| 4. | റിസപ്ഷൻ കമ്മിറ്റി | 7x5 feet | 1 |
| 5. | Sales Counter of Lok Sabha | 7x7 feet | 1 |
| 6. | Photograph Area | 25x15 feet | 1 |
| 7. | ട്രാൻസ്പോർട്ടേഷൻ കമ്മിറ്റി | 7x5 feet | 1 |
| 8. | മെമ്പേഴ്സ് ലോഞ്ച് | 12x8 feet | 2 |
| 9. | പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ | 10x8 feet | 10 |
| | | 8x8 feet | 10 |
| | **ആകെ** | | 30 |

താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥാപനത്തെ സംബന്ധിച്ച വിശദാംശങ്ങൾ, പ്രസ്തുത മേഖലയിലെ പ്രവൃത്തി പരിചയം, പ്രവൃത്തി ഏൽപ്പിച്ചാൽ അത് പൂർത്തിയാക്കാനും കോൺഫറൻസിന് ശേഷം ആയത് മാറ്റാനും ആവശ്യമായ സമയം, തുടങ്ങിയ സമഗ്രമായ വിശദാംശങ്ങൾ, ക്വാട്ട് ചെയ്യുന്ന തുക തുടങ്ങിയവ രേഖപ്പെടുത്തിയ താൽപ്പര്യപത്രം, 23.10.2026 വൈകുന്നേരം 3:00 മണിക്ക് മുൻപായി ത്രിദീപ് കെ. ജി. , അഡീഷണൽ സെക്രട്ടറി I & കൺവീനർ, മീഡിയ & പബ്ലിസിറ്റി കമ്മിറ്റി, റൂം നമ്പർ 835, നാലാം നില, അസംബ്ലി ബ്ലോക്ക്, കേരളനിയമസഭ സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം - 695033 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

ലഭ്യമാകുന്ന താത്പര്യപത്രങ്ങൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. താത്പര്യപത്രം സമർപ്പിച്ച വ്യക്തികൾ/സ്ഥാപനങ്ങൾ നിയമസഭാ സെക്രട്ടറിയേറ്റിൽ നിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് കൂടിക്കാഴ്ചയ്ക്ക് ഹാജരാകേണ്ടതും തദവസരത്തിൽ പ്രസ്തുത പ്രവർത്തികളുടെ/ ക്രമീകരണങ്ങളുടെ മുഴുവൻ വിശദാംശങ്ങളും രേഖകളുടെ അസ്സലും ലഭ്യമാക്കേണ്ടതുമാണ് .

ത്രിദീപ് കെ. ജി.

അഡീഷണൽ സെക്രട്ടറി I & കൺവീനർ, മീഡിയ & പബ്ലിസിറ്റി കമ്മിറ്റി

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമെൻസ് കോൺഫറൻസ്,

കേരളനിയമസഭാ സെക്രട്ടേറിയറ്റ്